പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3058** 11/12/2014 ൽ മറുപടിയ്ക്ക്

## വടകര താലൂക്കിലെ റീസർവ്വെ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.കെ.ലതിക | ശ്രീ. അടൂർ പ്രകാശ്. (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വടകര താലൂക്കിൽ റീസർവ്വെ നടപടികൾ പൂർത്തിയാക്കുവാൻ ബാക്കിയുള്ള വില്ലേജുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) വടകര താലൂക്കിൽ അഴിയൂർ, എടച്ചേരി, തൂണേരി, നടപുറം, ചേക്കിയാട്, വാളയം, വണിമേൽ, വിളങ്ങാട്, തിനൂർ, നരിപ്പട്ട, കാവിലുംപാറ, വേളം, വടകര മുനിസിപ്പാലിറ്റി, നടക്കുത്തായ, ഏറമല എന്നീ വില്ലേജുകളിൽ റീസർവ്വെ നടപടികൾ പൂർത്തിയാക്കാൻ ബാക്കിയുണ്ട്. |
| (ബി) പ്രസ്തുത വില്ലേജുകളിൽ റീ സർവ്വെ നടപടികൾ പൂർത്തിയാക്കുന്നതിൽ വന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) റീസർവ്വേയ്ക്ക് നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥരുടെ സേവനം സർവ്വേ വകുപ്പ് ഏറ്റെടുത്ത അടിയന്തിര പ്രാധാന്യമുള്ള മറ്റു സർവ്വേ പ്രവർത്തനങ്ങൾക്ക് കൂടി ലഭ്യമാക്കേണ്ടി വന്നത് കാരണം റീസർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. |
| (സി) പ്രസ്തുത റീസർവ്വെ നടപടികൾ എപ്പോൾ പൂർത്തിയാക്കും എന്ന് വ്യക്തമാക്കുമോ? | (സി) 31/10/2012 ലെ ജി.ഒ(എം.എസ്)409/12/റവന്യൂ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വെ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിരിക്കുകയാണ്. റീസർവ്വേ പുനരാരംഭിക്കുന്ന മുറയ്ക്ക് വടകര താലൂക്കിലെ റീ-സർവ്വേ നടപടികളും പൂർത്തിയാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ